**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഇ17/5555/CMLRRP/20/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു തീയതി: 28/12/2020

## സർക്കുലർ

വിഷയം:- ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് – ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP) പ്രവൃത്തികളുടെ നിർവ്വഹണം – തുക അനുവദിക്കുന്നതിന് അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന:-
1. ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത് തീയതി 10/12/2020
2. ഈ കാര്യാലയത്തിലെ സർക്കുലർ നം. ഡിബി4/ 531/CMLRRP/ 2020/സിഇ/എൽ.എസ്.ജി.ഡി, തീയതി 21/05/2020
3. സർക്കാർ ഉത്തരവ് നം.2337/20/തസ്വഭവ, തീയതി 18/12/2020

*****

ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ CMLRRP MIS മുഖേന സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. ഇതിന് തുടർച്ചയായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പൂർത്തിയായ പ്രവൃത്തികളുടെ ഭാഗിക/ഫൈനൽ ബില്ലുകൾ തയ്യാറാക്കി Memorandum of Payment പാസാക്കിയ ശേഷം CMLRRP MIS മുഖേന തുക അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. CMLRRP MIS ൽ Payment Request ചെയ്യുന്നത് സംബന്ധിച്ച്

എ. ഐ.കെ.എം ൽ നിന്ന് ലഭിച്ച User ID, Password ഉപയോഗിച്ച് CMLRRP MIS മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാസാക്കി കോൺട്രാക്ടർ അംഗീകരിച്ച് സമ്മതിച്ച/ബോധ്യപ്പെട്ട ബിൽ തുക ആവശ്യപ്പെടുന്നതിനായി കരാറുകാരന് നിർദ്ദേശം നൽകേണ്ടതാണ്.

ബി. Auto generated ചെയയ്പ്പെടുന്ന 10% പ്രവൃത്തികളുടെ ബില്ലുകളും, 25 ലക്ഷത്തിന് മുകളിൽ വരുന്ന എല്ലാ പ്രവൃത്തികളുടെ ബില്ലുകളും നേരിട്ട് DLTC ലോഗിനിൽ അപ്രൂവലിനായി പോകുന്നതായിരിക്കും.

സി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ലോഗിനിൽ ലഭിക്കുന്ന ബില്ലുകളിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും നടത്തി മാത്രമേ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപ്രൂവലിനായി നൽകാൻ പാടുള്ളു. കരാറുകാരൻ ആവശ്യപ്പെട്ട തുകയിൽ വ്യത്യാസം ഉണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർക്ക് ടി വിവരം കോൺട്രാക്ടറെ ബോധ്യപ്പെടുത്തി തിരുത്തൽ വരുത്താവുന്നതും ടി പ്രവൃത്തിയ്ക്ക് ആവശ്യമായ തുകയ്ക്ക് Payment request നൽകാവുന്നതാണ്. കരാറുകാരന് തിരുത്തൽ വരുത്തുന്നതിനായി തിരികെ നൽകേണ്ട ആവശ്യം ഇല്ല.

ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സമർപ്പിക്കപ്പെടുന്ന ബില്ലുകൾ പരിശോധിച്ച് അപ്രൂവലിനായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകേണ്ടതാണ്.

ഇ. സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ ബില്ലുകൾ പരിശോധിച്ച ശേഷം അപ്രൂവലിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അക്കൗണ്ട്സ് ലോഗിനിലേക്ക് നൽകേണ്ടതാണ്.

എഫ്. സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയാൽ, ടി ബില്ലുകൾ ഈ കാര്യാലയത്തിലെ അക്കൗണ്ട്സ് ലോഗിനിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ - റുടെ ലോഗിനിലേക്ക് തിരിച്ച് അയയ്ക്കുന്നതാണ്. ഇത്തരം സാഹചര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ CMLRRP MIS ൽ 'Return Menu' പരിശോധിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അയയ്ക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിച്ച ബില്ലുകളിൽ മതിയായ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് തുടർന്നുള്ള ഓരോ ലോഗിനിലും പരിശോധിച്ച് ഈ കാര്യാലയത്തിലേക്ക് തുക പാസാക്കുന്നതിന് പുനഃസമർപ്പിക്കേണ്ടതാണ്.

2. CMLRRP MIS ൽ Payment Request ചെയ്യുന്നതിനോടൊപ്പം അപ് ലോഡ് ചെയ്യേണ്ടുന്ന രേഖകളുടെ വിവരങ്ങൾ സംബന്ധിച്ച്

എ. MIS Software – Payment request – File uploads എന്ന മെനുവിൽ **KPW Form 23** (നിർവ്വഹണോദ്യോഗസ്ഥൻ പാസാക്കിയ Memorandum of payment കരാറുകാരൻ റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പിട്ട ശേഷം) നിർബന്ധമായും അപ് ലോഡ് ചെയ്യേണ്ടതാണ്.

ബി. GST Registration Certificate, PAN Card Copy, Bank Pass Book Copy എന്നിവ കൃത്യമായും, വ്യക്തമായും അപ് ലോഡ് ചെയ്യേണ്ടതാണ്. അപ് ലോഡ് ചെയ്യുന്ന ടി രേഖകളിലെ അക്കൗണ്ട് നമ്പർ, തുക എന്നിവ MIS ൽ നടത്തിയ രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കി വ്യത്യാസം ഇല്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

സി. ഈ കാര്യാലയത്തിലെ സൂചന (2) സർക്കുലറിൽ നിർദ്ദേശിച്ചുള്ള പ്രകാരം നെയിം ബോർഡ് തയ്യാറാക്കേണ്ടതും, ആയതിന്റെ വ്യക്തമായ ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

ഡി. പ്രാദേശികതല മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് നിർബന്ധമായും അപ് ലോഡ് ചെയ്യേണ്ടതാണ്.

3 എല്ലാ ഒറിജിനൽ വർക്ക് ബില്ലുകളും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമാനുസൃതം പാസാക്കേണ്ടതും, പാസാക്കിയ ബില്ലുകളുടെ ഒറിജിനൽ അവരവരുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും, നിയമപ്രകാരമുള്ള ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. സൂചന (3) ലെ സർക്കാർ ഉത്തരവ് പ്രകാരം CMLRRP മുഖേനയുള്ള നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകളും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിംഗിന്, ഈ കാര്യാലയത്തിലെ ഇന്റേണൽ ഓഡിറ്റിനുമായി പ്രവൃത്തി സംബന്ധിച്ചുള്ള എല്ലാ ഫയലുകളും, രജിസ്റ്ററുകളും മറ്റ് അനുബന്ധ രേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള പൂർണ്ണ ഉത്തരവദിത്വം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

4. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ പരിശോധനയുടെയും, അംഗീകാരത്തിന്റെയും അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ പേയ്മെന്റ് നടത്തുന്നതാണ്..

മേൽ പറഞ്ഞ പ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്ക് മാത്രമേ യഥാസമയം തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു. ഇത്തരത്തിൽ സമർപ്പിക്കപ്പെടാത്ത പക്ഷം ഉണ്ടാകുന്ന കാലതാമസത്തിന് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ മാത്രമായിരിക്കും ഉത്തരവാദികൾ എന്നുകൂടി അറിയിക്കുന്നു.

**ചീഫ് എഞ്ചിനീയർ**

എൻ.പി/-